മായിട്ടു തന്നെ കിട്ടുന്നതിനുവേണ്ടി ഗവൺമെൻറിന് വല്ല ഓഫറും കിട്ടിയിട്ടുണ്ടോ? ആ സ്ഥലം പരിശോധിച്ചിട്ടുണ്ടോ? ദേശീയ തലത്തിലും അന്തർദ്ദേശീയ തലത്തിലും നമ്മുടെ രാഷ്ട്രത്തിന് വലിയ ബഹുമതികളും നേടിത്തന്നിട്ടുള്ള പി. ടി. ഉഷയും, എം. ഡി. വൽസമ്മയും ഉൾപ്പെടെയുള്ളവർ മലബാർ പ്രദേശത്തുകാരാണ് എന്നുള്ളത് കണക്കിലെടുത്തുകൊണ്ടെങ്കിലും ആ സ്പോർട്സ് കോംപ്ലക്സ് കോഴിക്കോട് സ്ഥാപിക്കാതെ തിരുവനന്തപുരത്തു സ്ഥാപിച്ചതിൻെറ പിന്നിലുള്ള വിവേചനപരമായ നിലപാടിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഇതിൽ വിവേചനപരമായ പ്രശ്നങ്ങളില്ല. കോഴിക്കോട് ഇതിന് ആവശ്യമായിട്ടുള്ള സ്ഥലം തരാമെന്ന് സമ്മതിച്ചിട്ടുണ്ടായിരുന്നു. മറ്റു ചില സൗകര്യങ്ങൾകൂടി ഇതിന് പരിഗണിക്കേണ്ടതായിട്ടുണ്ടായിരുന്നു. എന്നുമാത്രമല്ല ഇതിനുവേണ്ടി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിലും സ്ഥലം കിട്ടുമെങ്കിൽ തിരുവനന്തപുരത്തും മറ്റേത് എറണാകുളത്തുമായിരിക്കണമെന്ന് ചെറിയൊരു നിർദ്ദേശം വച്ചിരുന്നു. അതല്ലാതെ ഇതിനകത്തു മറ്റു പ്രശ്നങ്ങളില്ല.

പഞ്ചസാര ഫാക്ടറികൾക്ക് ആവശ്യമുള്ള കരിമ്പ്

*220 [356] ശ്രീ. ഇ. പത്മനാഭൻ:
,, വി. കേശവൻ:
,, പി. സി. തോമസ് (കടുത്തുരുത്തി):
,, ടി. കെ. ആറുമുഖൻ:
,, എസ്. ഗോവിന്ദക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിലുള്ള പഞ്ചസാര ഫാക്ടറികളുടെ ഉല്പാദനശേഷി പൂർണ്ണമായും ഉപയോഗിക്കുവാൻ എത്ര ടൺ കരിമ്പ് ആവശ്യമാണ്;

(ബി) ഇതിൽ കേരളത്തിൽ എത്ര ടൺ ഉല്പാദിപ്പിക്കുന്നുണ്ട്;

(സി) അയൽ സംസ്ഥാനങ്ങളിൽ നിന്ന് എത്ര ടൺ കരിമ്പ് ലഭിക്കുന്നുണ്ട്;

(ഡി) കേരളത്തിലെ ഫാക്ടറികളിലെ ആവശ്യത്തിനുവേണ്ട കരിമ്പ് ഉല്പാദിപ്പിക്കുവാൻ എന്തെങ്കിലും പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) 9.60 ലക്ഷം ടൺ.

(ബി) 1985-86 സീസണിൽ ആകെ 4,75,235 മെട്രിക് ടൺ കരിമ്പ് ഉല്പാദിപ്പിച്ചിട്ടുണ്ട്.

(സി) 31.788 ടൺ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നല്ലയിനം കരിമ്പിൻ തലക്കം ഉല്പാദിപ്പിച്ച് വിതരണം ചെയ്യുക, കൃഷിക്കാർക്ക് നൂതനമായ സാങ്കേതിക ഉപദേശം നൽകുക. എന്നീ പദ്ധതികൾ കൃഷി വകുപ്പ് ഏർപ്പെടുത്തുന്നുണ്ട്. കൂടാതെ തിരുവല്ലായിലെ ട്രാവൻകൂർ ഷുഗേഴ്സ് ആൻറ് കെമിക്കൽസും ചിറ്റൂരിലെ കോ-ഓപ്പറേറ്റീവ് ഷുഗേഴ്സും ഫാക്ടറികൾക്ക് ആവശ്യമായ കരിമ്പ് ലഭ്യമാക്കുന്നതിനുവേണ്ടി കൃഷിക്കാർക്ക് വിത്തു വിതരണം ചെയ്യുക, സബ്സിഡി നൽകുക എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ഇ. പത്മനാഭൻ: പാലക്കാട് ജില്ലയിൽ ചിറ്റൂർ ഷുഗർ ഫാക്ടറിയുടെ പരിസരത്തായി 3,200 ഏക്കർ സ്ഥലത്ത് കരിമ്പ് കൃഷി ചെയ്യാനുള്ള സൗകര്യമുണ്ടെന്നാണ് കൃഷി ഡിപ്പാർട്ടുമെൻറ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ ഇപ്പോൾ ആയിരം ഏക്കർ പോലും ഈ രീതിയിൽ ഉപയോഗിക്കുന്നില്ല. ഈ ഷുഗർ ഫാക്ടറിയുടെ എക്സ്റ്റെൻഷൻ, ഡിപ്പാർട്ടുമെൻറ് കൃഷിക്കാർക്ക് നേരിട്ട് വിത്തു, വളവും വിതരണം ചെയ്യണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഇന്ന് അവരുടെ എക്സ്റ്റെൻഷൻ ആക്റ്റിവിറ്റിസിനെയും, മോഡൽ ഫാമിനേയും, പ്രവർത്തനങ്ങൾ ചുരുക്കിക്കൊണ്ടുവരികയുമാണ്. തമിഴ്നാട്ടിൽനിന്ന് കരിമ്പ് കൊണ്ടുവന്നാണ് ഇവിടത്തെ ഉപയോഗം നടത്തിക്കൊണ്ടിരുന്നത്: എന്നാൽ തമിഴ്നാട്ടിൽ പുതിയ പുതിയ ഷുഗർ ഫാക്ടറികൾ വരുന്നതു മൂലം അവിടെനിന്ന് ലഭിക്കുന്ന കരിമ്പ് ഇപ്പോൾ കുറഞ്ഞിരിക്കുകയാണ്. 1977-78-ൽ ഒരു ലക്ഷം ടൺ കരിമ്പ് വന്നെത്തിയെങ്കിൽ 1982-83-ൽ വെറും 45,000 ടൺ മാത്രമേ വന്നിട്ടുള്ളൂ. ഇതുകൊണ്ട് നമ്മുടെ പഞ്ചസാര വ്യവസായം കരിമ്പില്ലായ്മതുകൊണ്ട് ഒരു തകർച്ചയിലേക്ക് പോകുകയാണ്. പാലക്കാട് ജില്ലയിലെ അണക്കെട്ടിനു സമീപമുള്ള പ്രദേശങ്ങളിൽ ഒരു 5,000 ഹെക്ടർ സ്ഥലത്തുകൂടി കരിമ്പ് കൃഷി ചെയ്യാൻ വേണ്ടിയിട്ട് ഷുഗർ ഫാക്ടറിയുടെ എക്സ്റ്റെൻഷൻ പ്രവർത്തനം വ്യാപിപ്പിക്കുവാൻ തയ്യാറാകുമോ?

ശ്രീ. ഇ. അഹമ്മദ്: കരിമ്പുകൃഷി കുറഞ്ഞുവരുന്നതിനു പ്രധാനമായ ഒരു കാരണം കരിമ്പിനു നിശ്ചയിച്ചിരിക്കുന്ന വില വളരെ കുറവാണ് എന്നതാണ്. കരിമ്പിനു വില നിശ്ചയിക്കുന്നത് കേന്ദ്രഗവൺമെൻറാണ്. കേന്ദ്രഗവൺമെൻറ് നിശ്ചയിക്കുന്ന വിലയേക്കാൾ അധികമാണ് നമ്മളിവിടെ കൊടുക്കുന്നത്. മറ്റൊന്ന് കരിമ്പുകൃഷി ലാഭകരമല്ലാത്തതുകൊണ്ട് കരിമ്പുകൃഷി നടത്തിക്കൊണ്ടിരുന്ന പലരും നാണ്യവിളകളിലേക്ക് മാറുന്നു എന്നതാണ്. പാലക്കാട് ഷുഗർ മില്ലിനെ സംബന്ധിച്ചിടത്തോളം, 3,000 ഏക്കറാണ് സ്ഥാനത്തിനകത്തുള്ളത്. ഇതിനുപുറമേ തമിഴ്നാട്ടിൽനിന്നും ഒരു മൂവായിരം ഏക്കർ കൃഷി സ്ഥലത്തുകൂടി നമുക്കു വേണ്ട കരിമ്പു കിട്ടാൻവേണ്ടി അലോട്ടു ചെയ്തിരിക്കുകയാണ്. 3,000 ഏക്കർ അലോട്ടുചെയ്തിട്ടുണ്ടെങ്കിലും 2,000 ഏക്കറിൽനിന്നാണ് കരിമ്പ് കിട്ടുന്നത്. ഒരു 2,600 ഏക്കർകൂടി അലോട്ട് ചെയ്യാൻ വേണ്ടി തമിഴ്നാട് ഗവൺമെൻറ് സമ്മതിച്ചിട്ടുണ്ട്. അതുകൊണ്ട് ഇന്നിപ്പോൾ നമുക്കു നിലവിലുള്ള സ്ഥലത്തുതന്നെ കൂടുതൽ കൃഷി ചെയ്യുകയാണെങ്കിൽ ഗുണകരമായിരിക്കും. ഫാക്ടറികൾതന്നെ കൃഷിക്കാർക്ക് ആവശ്യമായ ധാരാളം സൗകര്യങ്ങൾ ചെയ്തു കൊടുത്തുകൊണ്ടിരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പത്മനാഭൻ: പഞ്ചസാര ഉല്പാദിപ്പിക്കുന്നതിനേക്കാളും ലാഭകരമായി കരിമ്പ് ഉല്പാദിപ്പിക്കുന്ന കൃഷിക്കാർ അത് നേരിട്ട് ആട്ടി ശർക്കര ഉല്പാദിപ്പിക്കുന്നതുമൂലം പഞ്ചസാര ഫാക്ടറികൾക്ക് ആവശ്യമായ കരിമ്പു ലഭിക്കാതെ പോകുന്ന സ്ഥിതിവിശേഷം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ശർക്കരയ്ക്കുവേണ്ടി കരിമ്പാട്ടുന്നതിനുള്ള ലൈസൻസ്, വ്യവസായ താൽപര്യം പരിഗണിക്കാതെ കൃഷി ഡിപ്പാർട്ടുമെന്റ് കൊടുക്കുന്നതും, ലൈസൻസ് ഇല്ലാതെയും ഇത്തരം പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകുന്നതും ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ, കൃഷിക്കാർതന്നെ നേരിട്ട് ശർക്കര ഉല്പാദിപ്പിക്കുകയാണെങ്കിൽ, പഞ്ചസാര ഫാക്ടറികൾക്ക് കൊടുക്കുന്നതിനേക്കാളും അധികം വില കിട്ടും എന്നുള്ളതു് ഒരു വസ്തുതയാണ്. ഇതു സംബന്ധിച്ച്, നിയമപരമായും അല്ലാതെയും ശർക്കര ഉല്പാദിപ്പിക്കുന്നു എന്നുള്ള ആക്ഷേപവും പരാതിയും കിട്ടുകയും, അതിനെ സംബന്ധിച്ച് അപ്പപ്പോൾതന്നെ കൃഷിവകുപ്പുമായി വേണ്ട കൂടിയാലോചനകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഈ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ശർക്കരയ്ക്കുവേണ്ടി കരിമ്പുൽപ്പാദനം നടത്തുന്നത് കഴിയുന്നത്ര നിയന്ത്രിക്കുവാനും, പഞ്ചസാര ഫാക്ടറികൾക്ക് കഴിയുന്നത്ര കരിമ്പ് ലഭ്യമാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കൃഷി ഡിപ്പാർട്ടുമെന്റിനെ അറിയിച്ചിട്ടുണ്ട്.

ശ്രീ. വി. കേശവൻ: ഇവിടെ കരിമ്പുദ്പാദനത്തിനാവശ്യമായ വിത്തു വിതരണം നടത്തുന്നത് തിരുവല്ലായിലുള്ള ട്രാവൻകൂർ ഷുഗേഴ്സും, പാലക്കാട്ടെ ചിറ്റൂരിലുള്ള ഫാക്ടറിയുമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതേസമയം പഞ്ചസാര ഉല്പാദനത്തിനുള്ള സഹകരണമേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ് പന്തളം മന്നം ഷുഗർ മിൽസ്. അവിടെ കരിമ്പു കൃഷിക്ക് അനുകൂലമായ സാഹചര്യം ഉണ്ട്. കെ. ഐ. പി. കനാൽ വന്നതോടുകൂടി ആ സാദ്ധ്യത വർദ്ധിച്ചിരിക്കുകയാണ്. ഇപ്പോൾ അവിടെ കരിമ്പുല്പാദനം ഉണ്ടാകാത്തതുകൊണ്ട് ഫാക്ടറിയുടെ പ്രവർത്തനം വേണ്ടത്ര നടക്കുന്നില്ല. ആ ഫാക്ടറിയുടെ പ്രവർത്തനം പുനരുദ്ധരിക്കുമെന്ന് ഈ സഭയിൽ ബഹുമാനപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയുമൊക്കെ ഉറപ്പുതന്നിട്ടുള്ളതാണ്. അതുകൊണ്ട് അവിടെ കരിമ്പുല്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് ആ ഫാക്ടറിയുടെ പ്രവർത്തനം തുടർന്നു നടത്തിക്കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: കഴിഞ്ഞ രണ്ടു വർഷമായി ഈ പറയുന്ന മന്നം ഷുഗർ ഫാക്ടറിയിൽ ക്രഷിങ് ഇല്ലാതായിരിക്കുന്നുവെന്നുള്ളതാണ് വസ്തുത. കംട്ടിവേഷൻ മോശമായതുകൊണ്ട് കംട്ടിവേഷനു് ആൾക്കാർ മുന്നോട്ടുവരുന്നില്ലായെന്നുള്ളതാണ്. മാനേജുമെന്റ് അതിനുവേണ്ടിയിട്ട് ചില പരിപാടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. കേശവൻ: ആ പ്രദേശത്തു കരിമ്പുല്പാദനം നടക്കുന്നില്ലായെന്നു പറയുന്നതു ശരിയല്ല. അവിടെ കരിമ്പുല്പാദനം നടക്കുന്നുണ്ട്. അത് ശർക്കരയ്ക്കുവേണ്ടി ഉപയോഗിക്കുകയാണ്. അതേസമയം ഫാക്ടറിയുടെ സ്വന്തമായിട്ടുള്ളതും പരിസരത്തുള്ളതുമായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ളതുമായ കരിമ്പുകൃഷി പ്രോൽസാഹിപ്പിക്കാത്തതിന്റെ ഫലമായിട്ടാണ് കരിമ്പുകൃഷി വളരെ കുറഞ്ഞിരിക്കുന്നത്. അതുകൊണ്ട് മാനേജു മെന്റിനെ നിർബന്ധിച്ച് ഇതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ?

ശ്രീ. ഇ. അഹമ്മദ്: അവിടെ ലഭിക്കുന്ന കരിമ്പു മുഴുവനും, കൂടുതൽ ഉല്പാദിപ്പിച്ച് അതും, ഫാക്ടറിക്കുവേണ്ടി കൊടുക്കുന്നതു സംബന്ധിച്ചാണ് മാനേജുമെന്റ് പരിശോധിക്കുന്നത്.

ശ്രീ. ടി. കെ. അറുമുഖൻ: കരിമ്പിന്റെ വില നിശ്ചയിക്കുന്നത് കേന്ദ്രഗവൺമെന്റാണെന്നും അധികവില സംസ്ഥാനഗവൺമെന്റ് നൽകുന്നുവെന്നും പറഞ്ഞു. എത്രയാണ് അധികം കൊടുക്കുന്നത്? കരിമ്പു വാങ്ങിയ വകയിൽ സംസ്ഥാന ഗവൺമെന്റ് കൃഷിക്കാർക്ക് എത്ര കൊടുക്കാനുണ്ട്? ഇത് വ്യക്തമാക്കാമോ?

ശ്രീ. ഇ. അഹമ്മദ്: കേന്ദ്രഗവൺമെന്റ് ഓരോ പ്രദേശത്തെയും റെക്കവറി അനുസരിച്ച് ഓരോ നിലയിലാണ് റേറ്റ് ഫിക്സ് ചെയ്യുന്നത്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പുറംപോക്കു സ്ഥലങ്ങളിൽ കുടിൽകെട്ടി താമസിക്കുന്നവർ

* 221 [357] ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, വി. കെ. രാജൻ:
,, കെ. പി. പ്രഭാകരൻ:
,, കെ. ടി. കുമാരൻ:
,, എം. കെ. കേൾവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി പുറംപോക്കു സ്ഥലങ്ങളിൽ കുടിൽകെട്ടി താമസിക്കുന്നവർക്കായി എന്തെങ്കിലും പ്രത്യേക പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ, ബി) പുറംപോക്കിൽ താമസിക്കുന്നവർക്കായി പ്രത്യേക പരിപാടിയൊന്നും ഇപ്പോൾ പരിഗണനയിലില്ല. ഭൂമി പതിച്ചുകൊടുക്കൽ നിയമമനുസരിച്ച് പട്ടയം ലഭിക്കാനും ഭൂരഹിത ഗ്രാമീണ തൊഴിലാളികൾക്ക് അനുവദിക്കുന്ന വീടുവെയ്ക്കാനുള്ള സഹായങ്ങൾക്കും പുറംപോക്കിൽ താമസിക്കുന്നവർക്കും മറ്റുള്ളവരെപോലെതന്നെ അപേക്ഷിക്കാവുന്നതാണ്. അർഹതയനുസരിച്ചും ഭൂമിയുടെ ലഭ്യതയനുസരിച്ചും ഈ അപേക്ഷകൾ അനുവദിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly